**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2934** **07-10-2025 - ൽ മറുപടിയ്ക്ക്**

**മണിമലയിൽ കരിയർ ഡവലപ്മെന്റ് സെന്റർ കം പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ മണിമലയിൽ പട്ടികജാതി വികസന വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം പ്രയോജനപ്പെടുത്തി കരിയർ ഡിവലപ്മെന്റ് സെന്റർ കം പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററും ആധുനിക നിലവാരത്തിലുള്ള ഓഡിറ്റോറിയവും കളിസ്ഥലവും നിർമ്മിക്കുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ; | (എ) | മണിമല ഗ്രാമ പഞ്ചായത്തിലെ മുക്കടയിൽ പട്ടികജാതി വികസന ഉടമസ്ഥതയിലുള്ള ഒരേക്കറോളം വകുപ്പിന്റെ ഭൂമി ഉപയോഗശൂന്യമായി കിടക്കുന്നുവെന്നും ആധുനിക സൗകര്യങ്ങളുള്ള ഓഡിറ്റോറിയവും കളിസ്ഥലവും കരിയർ ഡവലപ്മെൻറ് കം പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെൻററും വന്നാൽ പ്രയോജനപ്രദമാകുമെന്നും ഒരു തൊഴിൽ പരിശീലന കേന്ദ്രം ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വിഹിതമുപയോഗിച്ച് ബഹുവർഷ പ്രൊജക്റ്റായി ചെയ്യുന്നതിന് താൽപര്യം ഉള്ളതായും ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടുള്ളതായി കോട്ടയം ജില്ലാപട്ടികജാതി വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.ജില്ലാ പഞ്ചായത്തിന്റെ S C P പദ്ധതി വിഹിതമുപയോഗിച്ച് പ്രവൃത്തി ചെയ്യുന്നതിന് ജില്ലാ പഞ്ചായത്തിന്റെ തീരുമാനം സഹിതം പ്രൊപ്പോസൽ ലഭ്യമാക്കുകയാണെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്. കൂടാതെ നബാർഡുമായി ബന്ധപ്പെട്ട് പ്രസ്തുത പദ്ധതി RIDF-ൽ നിർവ്വഹിക്കുന്നതിനുള്ള സാധ്യതകൂടി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച പദ്ധതി രൂപീകരണ റിപ്പോർട്ട് കാഞ്ഞിരപ്പള്ളി പട്ടികജാതി വികസന ഓഫീസിൽ നിന്ന് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | മണിമല ഗ്രാമ പഞ്ചായത്തിലെ മുക്കടയിൽ പട്ടികജാതി വികസന ഉടമസ്ഥതയിലുള്ള ഒരേക്കറോളം വകുപ്പിന്റെ ഭൂമി ഉപയോഗശൂന്യമായി കിടക്കുന്നുവെന്നും ആധുനിക സൗകര്യങ്ങളുള്ള ഓഡിറ്റോറിയവും കളിസ്ഥലവും കരിയർ ഡവലപ്മെൻറ് കം പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെൻററും വന്നാൽ പ്രയോജനപ്രദമാകുമെന്നും ഒരു തൊഴിൽ പരിശീലന കേന്ദ്രം ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വിഹിതമുപയോഗിച്ച് ബഹുവർഷ പ്രൊജക്റ്റായി |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിന് താൽപര്യം ഉള്ളതായും ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടുള്ളതായി കോട്ടയം ജില്ലാപട്ടികജാതി വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.ജില്ലാ പഞ്ചായത്തിന്റെ S C P പദ്ധതി വിഹിതമുപയോഗിച്ച് പ്രവൃത്തി ചെയ്യുന്നതിന് ജില്ലാ പഞ്ചായത്തിന്റെ തീരുമാനം സഹിതം പ്രൊപ്പോസൽ ലഭ്യമാക്കുകയാണെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്. കൂടാതെ നബാർഡുമായി ബന്ധപ്പെട്ട് പ്രസ്തുത പദ്ധതി RIDF-ൽ നിർവ്വഹിക്കുന്നതിനുള്ള സാധ്യതകൂടി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്നതിനും നിർദ്ദിഷ്ട ശബരിമല എയർപോർട്ടിന് അടുത്തുള്ളതുമായ പട്ടികജാതി വികസന വകുപ്പിന്റെ സ്വന്തം സ്ഥലം എന്നത് പരിഗണിച്ച് പ്രസ്തുത പദ്ധതികൾ യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ? | (സി) | മണിമല ഗ്രാമ പഞ്ചായത്തിലെ മുക്കടയിൽ പട്ടികജാതി വികസന ഉടമസ്ഥതയിലുള്ള ഒരേക്കറോളം വകുപ്പിന്റെ ഭൂമി ഉപയോഗശൂന്യമായി കിടക്കുന്നുവെന്നും ആധുനിക സൗകര്യങ്ങളുള്ള ഓഡിറ്റോറിയവും കളിസ്ഥലവും കരിയർ ഡവലപ്മെൻ്റ് കം പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെൻ്ററും വന്നാൽ പ്രയോജനപ്രദമാകുമെന്നും ഒരു തൊഴിൽ പരിശീലന കേന്ദ്രം ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വിഹിതമുപയോഗിച്ച് ബഹുവർഷ പ്രൊജക്ടായി ചെയ്യുന്നതിന് താൽപര്യം ഉള്ളതായും ജില്ലാ പഞ്ചായത്ത് അറിയിച്ചിട്ടുള്ളതായി കോട്ടയം ജില്ലാപട്ടികജാതി വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.ജില്ലാ പഞ്ചായത്തിന്റെ S C P പദ്ധതി വിഹിതമുപയോഗിച്ച് പ്രവൃത്തി ചെയ്യുന്നതിന് ജില്ലാ പഞ്ചായത്തിന്റെ തീരുമാനം സഹിതം പ്രൊപ്പോസൽ ലഭ്യമാക്കുകയാണെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്. കൂടാതെ നബാർഡുമായി ബന്ധപ്പെട്ട് പ്രസ്തുത പദ്ധതി RIDF-ൽ നിർവ്വഹിക്കുന്നതിനുള്ള സാധ്യതകൂടി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ